**പതിമൂന്നാം കേരള നിയമസഭ**

# സബ്ജക്റ്റ് കമ്മിറ്റി VIII

## (സാമ്പത്തിക കാര്യങ്ങൾ)

**(2013-2014 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്)**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും
സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236(5)
പ്രകാരം സമർപ്പിക്കുന്നത്

2014 ജൂലൈ 9-ാം തീയതി സമർപ്പിച്ചത്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2014

പതിമൂന്നാം കേരള നിയമസഭ

# സബ്ജക്റ്റ് കമ്മിറ്റി VIII

## (സാമ്പത്തിക കാര്യങ്ങൾ)

(2013–2014 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ
പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ
ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്)

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും
സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236(5)
പ്രകാരം സമർപ്പിക്കുന്നത്

2014 ജൂലൈ 9-ാം തീയതി സമർപ്പിച്ചത്.

998/2014.

ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

## സബ്ജക്റ്റ് കമ്മിറ്റി VIII
(സാമ്പത്തിക കാര്യങ്ങൾ)
(2013-2016)

**ഘടന**

ചെയർമാൻ

ശ്രീ. കെ. എം. മാണി,
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി.

എക്സ്-ഒഫീഷ്യോ അംഗങ്ങൾ

ശ്രീ. കെ. ബാബു,
മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി.

ശ്രീ. അനൂപ് ജേക്കബ്,
ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി.

അംഗങ്ങൾ

ശ്രീ. വി. ചെന്താമരാക്ഷൻ

ശ്രീ. കോവൂർ കുഞ്ഞുമോൻ

ശ്രീ. മുല്ലക്കര രത്നാകരൻ

പ്രൊഫ. സി. രവീന്ദ്രനാഥ്

ശ്രീ. വി. ഡി. സതീശൻ

ഡോ. ടി. എം. തോമസ് ഐസക്

ശ്രീ. പി. ഉബൈദുള്ള

ശ്രീ. എം. പി. വിൻസെന്റ്.

നിയമസഭാ സെക്രട്ടേറിയറ്റ്

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

,, തോമസ് ചെട്ടുപറമ്പിൽ, ജോയിന്റ് സെക്രട്ടറി

,, ആർ. കിഷോർ കുമാർ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ഷബാന അഞ്ജും, അണ്ടർ സെക്രട്ടറി.

# അവതാരിക

സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി VIII-ന്റെ ധനാഭ്യർത്ഥന കളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിന്മേലുള്ള (2013-14) ആക്ഷൻ ടേക്കൺ റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236(5) പ്രകാരം സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമർപ്പിക്കുന്നു.

സബ്ജക്റ്റ് കമ്മിറ്റി VIII (സാമ്പത്തിക കാര്യങ്ങൾ) ന്റെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട് (2013-14) 10-6-2013-ന് സഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച് ഗവൺമെന്റിൽ നിന്നും ലഭിച്ച മറുപടികൾ 24-9-2013, 10-3-2014, 28-5-2014, 30-6-2014 എന്നീ തീയതികളിൽ ചേർന്ന സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തിരുന്നു. എല്ലാ ശിപാർശകളിന്മേലും സർക്കാരിൽനിന്നും മറുപടി ലഭിച്ചിട്ടുണ്ട്. ശിപാർശകളും അവയിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച് സർക്കാരിൽനിന്നും ലഭിച്ച മറുപടികളും ഉൾപ്പെടുന്നതാണ് ഈ റിപ്പോർട്ട്.

2014 ജൂൺ മാസം 30-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

കെ. എം. മാണി,
*ചെയർമാൻ,*
*സബ്ജക്റ്റ് കമ്മിറ്റി VIII.*

തിരുവനന്തപുരം,
2014 ജൂൺ 30.

## റിപ്പോർട്ട്

2013-2014 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളും അവയിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളും.

### ധനാഭ്യർത്ഥന നമ്പർ V—കാർഷികാദായ നികുതിയും വിൽപ്പന നികുതിയും

ശിപാർശ (ഖണ്ഡിക 1)

4059-01-051-75-16—വാണിജ്യ നികുതി വകുപ്പ്—വൻകിട മരാമത്ത് പണികൾ

വാണിജ്യ നികുതി വകുപ്പിൽ വൻകിട മരാമത്ത് പണികൾക്കായി ഇപ്പോൾ അനുവദിച്ചിരിക്കുന്ന തുക തികച്ചും അപര്യാപ്തമാണ്. വാളയാറിൽ എക്സ്ചേഞ്ച് ടെർമിനൽ സിസ്റ്റം ഏർപ്പെടുത്തുന്നതിനും 2012-2013 ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ളതും കഴിഞ്ഞ സാമ്പത്തികവർഷം നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ലാത്തതുമായ മഞ്ചേശ്വരം സംയോജിത ചെക്ക് പോസ്റ്റ് നിർമ്മാണത്തിനും, മുത്തങ്ങ, വഴിക്കടവ്, ആര്യങ്കാവ് എന്നിവിടങ്ങളിൽ വെയ്ബ്രിഡ്ജുകളോടു കൂടിയ സംയോജിത ചെക്ക് പോസ്റ്റ് സ്ഥാപിക്കുന്നതിനും 5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2013-14 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വാണിജ്യ നികുതി വകുപ്പിന് 4059-01-051-75-16—(പദ്ധതിയേതരം) എന്ന ശീർഷകത്തിൽ 5 കോടി രൂപ വകയിരുത്തിയിരുന്നു. ഇതിൽ 3,93,76,000 (മൂന്ന് കോടി തൊണ്ണൂറ്റിമൂന്ന് ലക്ഷത്തി എഴുപത്തിയാറായിരം) രൂപ ചെലവഴിക്കുകയും ബാക്കിത്തുക സറണ്ടർ ചെയ്യുകയും ചെയ്തു. മഞ്ചേശ്വരം, മുത്തങ്ങ, വഴിക്കടവ്, ആര്യങ്കാവ് എന്നിവിടങ്ങളിൽ സംയോജിത ചെക്ക് പോസ്റ്റ് സ്ഥാപിക്കുന്നതിനാവശ്യമായ ഭൂമിയേറ്റെടുക്കൽ നടപടികൾ പൂർത്തിയാകാത്തതിനാൽ നിർമ്മാണം ആരംഭിക്കുവാൻ കഴിഞ്ഞില്ല. ആയതിനാലാണ് തുക സറണ്ടർ ചെയ്യേണ്ടിവന്നത്.

(സർക്കാർ കത്ത് നമ്പർ 19697/ഡി1/2013/നി.വ. തീയതി 28-5-2014)

### ധനാഭ്യർത്ഥന നമ്പർ VII—മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും

ശിപാർശ (ഖണ്ഡിക 2)

2030-03-001-99-21(1)—രജിസ്ട്രേഷൻ, ഭരണം—മോട്ടോർ വാഹനങ്ങൾ—വാഹനം വാങ്ങൽ

രജിസ്ട്രേഷൻ വകുപ്പിന്റെ കണ്ടംചെയ്ത വാഹനത്തിനുപകരം വാഹനം വാങ്ങുന്നതിന് അനുമതി ലഭിക്കുന്ന മുറയ്ക്ക് 25 ലക്ഷം രൂപ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

ദക്ഷിണമേഖല രജിസ്ട്രേഷൻ ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറലുടെ കണ്ടംചെയ്ത വാഹനത്തിനുപകരമായി പുതിയ വാഹനം വാങ്ങുന്നതിന് 6,79,000 രൂപ സർക്കാർ അനുവദിച്ചുനൽകുകയും ടി തുക വിനിയോഗിച്ച് പുതിയ വാഹനം വാങ്ങുകയും ചെയ്തിട്ടുണ്ട്. രജിസ്ട്രേഷൻ വകുപ്പിലെ കണ്ടംചെയ്ത രണ്ട് വാഹനങ്ങൾക്കുപകരമായി പുതിയ വാഹനങ്ങൾ വാങ്ങുന്നതിനുള്ള ശിപാർശ രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ സമർപ്പിച്ചിരുന്നെങ്കിലും ആയതിനുള്ള അനുമതി, നിലവിലുള്ള വ്യയനിയന്ത്രണ ഉത്തരവുകളുടെ വെളിച്ചത്തിൽ, ധനവകുപ്പ് നൽകുകയുണ്ടായില്ല. ഇക്കാരണത്താൽ സബ്ജക്ട് കമ്മിറ്റിയുടെ ശിപാർശയനുസരിച്ച് രജിസ്ട്രേഷൻ വകുപ്പിൽ വാഹനം വാങ്ങുന്നതിനായി 25 ലക്ഷം രൂപ അധികമായി വകയിരുത്തുവാൻ സാധിച്ചിട്ടില്ല.

(സർക്കാർ കത്ത് നമ്പർ 19656/ഇ3/2014/നി.വ. തീയതി 28-5-2014)

<u>ശിപാർശ</u> (ഖണ്ഡിക 3)

2030-03-001-96-06—<u>ജില്ലാ ഓഫീസുകൾ—വാടക, കരം, നികുതി</u>

എറണാകുളം ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ, ഡിസ്ട്രിക്ട് രജിസ്ട്രാർ, പ്രിൻസിപ്പൽ സബ് രജിസ്ട്രാർ എന്നീ ഓഫീസുകൾ കൊച്ചി മെട്രോ റെയിൽ നിർമ്മാണത്തിനുവേണ്ടി ഒഴിയേണ്ടതിനാൽ വാടകക്കെട്ടിടത്തിൽ മാറേണ്ടതായുണ്ട്. വാടകയിനത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 12 ലക്ഷം രൂപ അധികമായി ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

കൊച്ചി മെട്രോ റെയിൽ പദ്ധതിയുമായി ബന്ധപ്പെട്ട് എറണാകുളം ജില്ലാ രജിസ്ട്രാർ ഓഫീസും അനുബന്ധ ഓഫീസുകളും വാടകക്കെട്ടിടത്തിലേക്ക് മാറ്റുന്നതിന് സർക്കാർ അനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ, ടി ഓഫീസുകൾ 7-4-2014 മുതൽ പുതിയ കെട്ടിടത്തിലേക്ക് മാറിയിട്ടുള്ളതായി രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ അറിയിച്ചിട്ടുണ്ട്. 2013-14 വർഷത്തിൽ ടി ഓഫീസുകൾ വാടകക്കെട്ടിടത്തിലേക്ക് മാറിയിട്ടില്ലാത്തതിനാൽ വാടകയിനത്തിൽ അധികതുക വകയിരുത്തേണ്ട ആവശ്യമുണ്ടായിട്ടില്ല.

(സർക്കാർ കത്ത് നമ്പർ 19656/ഇ3/2014/നി.വ. തീയതി 28-5-2014)

<u>ശിപാർശ</u> (ഖണ്ഡിക 4)

2030-03-001-90—<u>രജിസ്ട്രേഷൻ വകുപ്പിന്റെ ആധുനികവൽക്കരണം</u>

അഞ്ച് സബ് രജിസ്ട്രാർ ഓഫീസുകളിൽ റിക്കോർഡുകൾ സൂക്ഷിക്കുന്നതിനുള്ള കോംപാക്റ്റർ സൗകര്യം ഏർപ്പെടുത്തുന്നതിനായി 175 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2030-03-001-90—രജിസ്ട്രേഷൻ വകുപ്പിന്റെ ആധുനികവൽക്കരണം എന്ന ശീർഷകത്തിൽ അനുവദിച്ചിരുന്ന പദ്ധതിവിഹിതമായ 1 കോടി രൂപയിൽനിന്നും 40 ലക്ഷം രൂപ വിനിയോഗിച്ച് രണ്ട് സബ് രജിസ്ട്രാർ ഓഫീസുകളിൽ കോംപാക്റ്റർ സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള ഭരണാനുമതി 15-11-2013-ലെ സ.ഉ.(സാധാ.) 888/2013/നി.വ. പ്രകാരം നൽകിയിട്ടുണ്ട്. സബ്ജക്ട് കമ്മിറ്റിയുടെ ശിപാർശയനുസരിച്ച് അധികതുക വകയിരുത്തുന്നതിനുള്ള ശിപാർശ രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ സർക്കാരിൽ ലഭ്യമാക്കിയിട്ടില്ല.

(സർക്കാർ കത്ത് നമ്പർ 19656/ഇ3/2014/നി.വ. തീയതി 28-5-2014.)

ശിപാർശ (ഖണ്ഡിക 5)

2030-01-102-99—മുദ്രപ്പത്ര വില്പന ചെലവുകൾ

മുദ്രപ്പത്രങ്ങളുടെ വില്പന വർദ്ധിക്കുന്നതനുസരിച്ച് ഡിസ്കൗണ്ട് ഇനത്തിലെ ചെലവ് വർദ്ധിക്കുന്നതിനാൽ ഈ ശീർഷകത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണ്. ആയതിനാൽ 30 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2013-14 സാമ്പത്തികവർഷത്തിൽ 2030-01-102-99—മുദ്രപ്പത്ര വിൽപ്പന ചെലവുകൾ എന്ന ശീർഷകത്തിൽ 1.19 കോടി രൂപ അനുവദിച്ചിരുന്നു. എന്നാൽ ഈ ശീർഷകത്തിലെ തൻവർഷത്തെ ചെലവ് വഹിക്കുന്നതിന് ഏകദേശം മൂന്ന് ലക്ഷം രൂപയുടെ കുറവ് പ്രതീക്ഷിക്കുന്നതായി ട്രഷറി ഡയറക്ടർ സർക്കാരിനെ അറിയിക്കുകയുണ്ടായി. 2030-02-102-99 എന്ന ശീർഷകത്തിൽ 2013-14 വർഷത്തിൽ 20 കോടി ബഡ്ജറ്റ് വിഹിതമുണ്ടെന്നും എന്നാൽ തൻവർഷം 19 കോടി രൂപയുടെ ചെലവ് മാത്രമേ പ്രതീക്ഷിക്കുന്നുള്ളൂവെന്നും ആയതിനാൽ 2030-01-102-99 എന്ന ശീർഷകത്തിൽ അധികമായി വേണ്ടിവരുന്ന തുക 2030-02-102-99 എന്ന ശീർഷകത്തിൽനിന്നും റീ-അപ്രോപ്രിയേറ്റ് ചെയ്തു നൽകണമെന്നും ട്രഷറി ഡയറക്ടർ സർക്കാരിനോട് ശിപാർശ ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ 31-3-2014-ലെ സ.ഉ.(സാധാ.) നമ്പർ 2865/14/ധന. പ്രകാരം 3,05,000 രൂപ 2030-020-02-99 എന്ന ശീർഷകത്തിലേക്ക് റീ-അപ്രോപ്രിയേഷൻ മുഖാന്തിരം ലഭ്യമാക്കിയിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 19656/ഇ3/2014/നി.വ. തീയതി 28-5-2014.)

## ധനാഭ്യർത്ഥന നമ്പർ VIII—എക്സൈസ്

ശിപാർശ (ഖണ്ഡിക 6)

2039-00-001-95—മദ്യാസക്തിക്കെതിരായ പ്രചരണം

മദ്യലഹരി വിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾക്കായി ഇപ്പോൾ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ സമഗ്രമായ മദ്യലഹരി

വിരുദ്ധ ബോധവൽക്കരണ പരിപാടികൾ ഫലപ്രദമായി നടപ്പിലാക്കുന്നതിനായി ഈ ശീർഷകത്തിൽ 2 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

മദ്യലഹരി വിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾക്കായി 2013-14 സാമ്പത്തിക വർഷം വകയിരുത്തിയ 50.00 ലക്ഷം രൂപ തീരെ അപര്യാപ്തമായതിനാൽ ഉപധനാഭ്യർത്ഥനയിൽ 3.00 കോടി രൂപ ശിപാർശ ചെയ്തെങ്കിലും 25,20,000 രൂപ മാത്രമേ 2014 ജനുവരിയിലെ ഉപധനാഭ്യർത്ഥനയിൽ സർക്കാർ വകയിരുത്തിയിട്ടുള്ളൂ.

(സർക്കാർ കത്ത് നമ്പർ 2999/എഫ്3/2014/നി.വ. തീയതി 20-2-2014.)

ശിപാർശ (ഖണ്ഡിക 7)

2039-00-001-92—ജില്ലാ മൊബൈൽ അനലറ്റിക്കൽ ലബോറട്ടറികൾ

ലൈസൻസ് നേടി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലൂടെ ശുദ്ധമായ മദ്യം വിതരണം ചെയ്യുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനും മദ്യത്തിന്റെ സാമ്പിൾ ശേഖരിച്ച് രാസപരിശോധനാഫലം ഉടനടി ലഭ്യമാക്കുന്നതിനും രണ്ട് മൊബൈൽ രാസപരിശോധനാ ലാബുകൾ ഏർപ്പെടുത്തുന്നതിന് 25 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2013-14 സാമ്പത്തികവർഷം വകയിരുത്തിയ 40.00 ലക്ഷം രൂപയിൽ 4-9-2013-ലെ സർക്കാർ ഉത്തരവ് നമ്പർ 668/2013 പ്രകാരം തിരുവനന്തപുരം ലാബിന്റെ വാഹനത്തിന്റെ പരിഷ്കരണ പ്രവർത്തനങ്ങൾ നടത്തുകയും കൂടാതെ ലാബിന്റെ സജ്ജീകരണ പ്രവർത്തനങ്ങൾക്ക് കെമിക്കലുകളും ഗ്ലാസ് ഉപകരണങ്ങളും വാങ്ങുന്നതിനായി 24,05,278 രൂപ ചെലവഴിച്ചു വാങ്ങുകയും ചെയ്തു. ബാക്കിയുള്ള തുകയ്ക്ക് എറണാകുളം ലാബിനുവേണ്ടി വാഹനം വാങ്ങുന്നതിന് G.O.(Rt.) No. 837/2013/TD dated 24-10-2013 പ്രകാരം സർക്കാർ അനുമതി ലഭിച്ചിട്ടുണ്ട്. അത് നടപ്പിലാക്കുന്നതിനുള്ള ത്വരിത നടപടി സ്വീകരിച്ചുവരുന്നു.

(സർക്കാർ കത്ത് നമ്പർ 2999/എഫ്3/2014/നി.വ. തീയതി 20-2-2014.)

ശിപാർശ (ഖണ്ഡിക 8)

മദ്യത്തിന്റെ സാമ്പിൾ പരിശോധനയ്ക്കായി എടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ സർക്കാർ നോട്ടിഫൈ ചെയ്തിട്ടുണ്ടെങ്കിലും സാമ്പിളിന് വില നൽകുന്നതിനായി പ്രത്യേക ഹെഡ് ഓഫ് അക്കൗണ്ട് നിലവിലില്ല എന്നു സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ബാർ ഹോട്ടലുകളിൽ നിന്നും മദ്യത്തിന്റെ സാമ്പിൾ എടുക്കുമ്പോൾ സാമ്പിളിന് വില നൽകുന്നതിനായി 25 ലക്ഷം രൂപ പുതിയ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

സർക്കാർ ഉത്തരവ് 203/2013/നി.വ. പ്രകാരം 2013-ൽ അബ്കാരി വകുപ്പിൽ [റൂൾ 33 എ (2), (ii), 7-ാമത് ഭേദഗതി] വരുത്തുകയും ഇതിൻപ്രകാരം 2039-00-001-90—, cost of liquor collected as sample എന്ന പുതിയ ശീർഷകം 2014 ജനുവരിയിലെ എസ്.ഡി.ജി.-യിൽ New Service Procedure പാലിച്ച് അനുവദിക്കുകയും 13,50,000 രൂപ ഫണ്ട് വകയിരുത്തുകയും ചെയ്തിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 2999/എഫ്3/2014/നി.വ. തീയതി 20-2-2014.)

<u>ശിപാർശ</u> (ഖണ്ഡിക 9)

2039-00-001-99-06(15)—<u>രഹസ്യസേവന ചെലവുകൾ</u>

എക്സൈസ് വകുപ്പിന് വ്യാജമദ്യം സംബന്ധിച്ച് രഹസ്യവിവരം നൽകുന്നവർക്ക് പാരിതോഷികം നൽകുന്നതിനായി ഇപ്പോൾ വകയിരുത്തിയിരിക്കുന്ന തുകയ്ക്ക് പുറമേ ഈ ശീർഷകത്തിൽ 25 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2013-14 സാമ്പത്തികവർഷം വകയിരുത്തിയ 5.00 ലക്ഷം രൂപ തീരെ അപര്യാപ്തമായതിനാൽ ഉപധനാഭ്യർത്ഥനയിൽ അധികതുകയ്ക്ക് അപേക്ഷിച്ചെങ്കിലും രഹസ്യസേവന ചെലവുകൾക്ക് ഫണ്ടൊന്നും അനുവദിച്ചില്ല. എന്നാൽ, പ്രസ്തുത ശീർഷകത്തിൽ രണ്ട് ലക്ഷം രൂപ അധികമായി ചെലവഴിക്കാനുള്ള അനുവാദം സർക്കാരിൽനിന്ന് ലഭിച്ചിട്ടുള്ളതും ആയത് ധനപുനർവിനിയോഗംവഴി ക്രമീകരിക്കുന്നതുമാണ്.

(സർക്കാർ കത്ത് നമ്പർ 2999/എഫ്3/2014/നി.വ. തീയതി 20-2-2014.)

## ധനാഭ്യർത്ഥന നമ്പർ X—ട്രഷറികളും അക്കൗണ്ടുകളും

<u>ശിപാർശ</u> (ഖണ്ഡിക 10)

2054-00-095-96—<u>അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തലും എ. ടി. എമ്മും സെൻട്രൽ സെർവ്വർ സമ്പ്രദായം നടപ്പിലാക്കലും</u>

ട്രഷറി അടിസ്ഥാനസൗകര്യ വികസന പദ്ധതിക്കും എ.ടി.എം. സെൻട്രൽ സെർവ്വർ സംവിധാനം നടപ്പാക്കൽ പദ്ധതിക്കുമായി ബഡ്ജറ്റിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണ്. ട്രഷറി ഇടപാടുകളുടെ വേഗതയും സുതാര്യതയും ട്രഷറി സേവനങ്ങളുടെ കാര്യക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി ട്രഷറികളിൽ എ.ടി.എം. സംവിധാനം ഏർപ്പെടുത്തുക, പുതിയ ട്രഷറി പണിയുക, പഴയ ട്രഷറി ഓഫീസുകൾ നവീകരിക്കുക, പുതിയ ഫർണിച്ചറുകൾ, പുതിയ കമ്പ്യൂട്ടറുകൾ/അനുബന്ധ ഉപകരണങ്ങൾ വാങ്ങുക, ട്രഷറി ആസ്ഥാന മന്ദിര നിർമ്മാണം എന്നിവയ്ക്കായി 12 കോടി രൂപ അധികമായി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ട്രഷറി അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും, എ.ടി.എം., നെറ്റ് വർക്കിംഗ് സമ്പ്രദായം, സെൻട്രൽ സെർവ്വർ സിസ്റ്റം, കോർബാങ്കിംഗ് സമ്പ്രദായം എന്നിവ ഏർപ്പെടുത്തുന്നതിനുമായി 2013–14 സാമ്പത്തികവർഷം 7 കോടി രൂപ പദ്ധതി വിഹിതമായി വകയിരുത്തിയിരുന്നു. കൂടാതെ 12-11-2013-ലെ സ.ഉ. (സാധാ.) നമ്പർ 8566/2013/ധന. പ്രകാരം 2,88,00,000 രൂപ (2 കോടി 88 ലക്ഷം രൂപ)-യും 11-12-2013-ലെ സ.ഉ. (സാധാ.) നമ്പർ 9366/2013/ധന. പ്രകാരം 5,42,00,000 ലക്ഷം രൂപ (5 കോടി 42 ലക്ഷം രൂപ)-യും അധികതുക അനുവദിക്കുകയുണ്ടായി. ആകെ 15 കോടി 30 ലക്ഷം രൂപ അനുവദിച്ചതിൽ 15.08 കോടി രൂപ (98.56%) 2054-00-095-96 എന്ന ശീർഷകത്തിൽ അടിസ്ഥാനസൗകര്യ വികസന പദ്ധതിക്കുവേണ്ടി ചെലവഴിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 60684/എസ്റ്റ.സി3/2013/ധന. തീയതി 27-5-2014.)

ശിപാർശ (ഖണ്ഡിക 11)

2054-00-098-99—ലോക്കൽ ഫണ്ട് ആഡിറ്റ് ഡിപ്പാർട്ടുമെന്റ്

ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിന്റെ 14 ജില്ലാ കാര്യാലയങ്ങളിലും മറ്റ് ഓഡിറ്റ് ഓഫീസുകളിലുമായി 2012–13 സാമ്പത്തികവർഷത്തിൽ യാത്രാബത്തയിനത്തിൽ കുടിശ്ശിക നൽകാനുള്ളതിനാൽ വകുപ്പിന് യാത്രാബത്തയിനത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2013–14 സാമ്പത്തികവർഷത്തെ അവസാന ഉപധനാഭ്യർത്ഥനയിൽ 50,00,000 രൂപ ആവശ്യപ്പെട്ടിരുന്നു. 2014 ജനുവരി മാസത്തെ ഉപധനാഭ്യർത്ഥനയിൽ 40,00,000 രൂപ അനുവദിക്കുകയും പ്രസ്തുത തുക വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 60864/എസ്റ്റ.ഡി2/2013/ധന. തീയതി 27-5-2014.)

ശിപാർശ (ഖണ്ഡിക 12)

2054-00-098-88—ലോക്കൽ ഫണ്ട് ആഡിറ്റ് ഡിപ്പാർട്ടുമെന്റിലെ കമ്പ്യൂട്ടർവൽക്കരണം

ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിലെ ജീവനക്കാർക്ക് കാലാകാലങ്ങളിൽ പരിശീലനം നൽകുകയും വകുപ്പ് ആധുനികവൽക്കരിക്കുകയും ചെയ്യുന്നതിനായി ജില്ലാ കാര്യാലയങ്ങളുമായി വീഡിയോ കോൺഫറൻസിംഗ് സൗകര്യം, മുതിർന്ന ഓഫീസർമാർക്ക് ഐ-പാഡ്, ഓഡിറ്റ് സോഫ്റ്റ്‌വെയറിന്റെ ഉപയോഗത്തിന് സ്വന്തമായി സെർവർ സൗകര്യം ഒരുക്കൽ, നൽകിയിട്ടുള്ള ലാപ്ടോപ്പുകൾക്ക് ഇന്റർനെറ്റ് മോഡം ലഭ്യമാക്കൽ, സമ്പൂർണ്ണ കമ്പ്യൂട്ടർ പരിശീലനം എന്നിവയ്ക്കായി ബഡ്ജറ്റിൽ പദ്ധതിയിനത്തിൽ അനുവദിച്ച തുകയ്ക്ക് പുറമേ 1 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

വകുപ്പിൽ നടപ്പാക്കിവരുന്ന സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണത്തിന്റെ ഭാഗമായി പഴയ ഓഡിറ്റ് റിപ്പോർട്ടുകൾ ഉൾപ്പെടെയുള്ളവയുടെ ഡിജിറ്റൈസേഷൻ, ആവശ്യമായ കമ്പ്യൂട്ടറുകൾ, അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ, കമ്പ്യൂട്ടർവൽക്കരണത്തിനായുള്ള ഇലക്ട്രിക്കൽ, നെറ്റ്‌വർക്കിംഗ് പണികൾ, സോഫ്റ്റ്‌വെയർ പരിശീലനം എന്നിവയ്ക്കായി ബഡ്ജറ്റിൽ അനുവദിച്ച തുക വിനിയോഗിച്ചു. എന്നാൽ ബഡ്ജറ്റിൽ അനുവദിച്ച 1 കോടി രൂപയ്ക്ക് പുറമേ അധികമായി തുക വകയിരുത്തുകയോ അനുവദിക്കുകയോ ചെയ്തിട്ടില്ല.

(സർക്കാർ കത്ത് നമ്പർ 60864/എസ്റ്റാ.ഡി2/2013/ധന. തീയതി 27-5-2014.)

## ധനാഭ്യർത്ഥന നമ്പർ XIV— സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും

ശിപാർശ (ഖണ്ഡിക 13)

2070-00-003-99—ഐ. എ. എസ്. പ്രൊബേഷൻകാരുടെ പരിശീലനം

ഐ.എ.എസ്. പ്രൊബേഷണർമാരുടെ ട്രെയിനിംഗുമായി ബന്ധപ്പെട്ട് എൽ. ബി. എസ്., എൻ.എ.എ., സംസ്ഥാന ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, ഐ.എം.ജി. എന്നീ സ്ഥാപനങ്ങൾക്ക് തുക നൽകുന്നതിനായി 16.5 ലക്ഷം രൂപ അധികമായി ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ഈ ശീർഷകത്തിൽ 2013-14 വർഷത്തെ ബഡ്ജറ്റ് വിഹിതമായി 20,00,000 രൂപ ആണ് അനുവദിച്ചിട്ടുള്ളത്. ഐ.എ.എസ്. പ്രൊബേഷണർമാരുടെ ട്രെയിനിംഗിനായി ടി ശീർഷകത്തിൽ 5-10-2013-ലെ സ.ഉ.(സാധാ)നമ്പർ 7739/2013/ധന. പ്രകാരം 16.12 ലക്ഷം രൂപ അധികതുക അനുവദിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 23762/സ്പെഷ്യൽഎ2/2013/പൊ.ഭ.വ. തീയതി 22-11-2013)

## ധനാഭ്യർത്ഥന നമ്പർ XVI—പെൻഷനും പലവകയും

ശിപാർശ (ഖണ്ഡിക 14)

2075-00-103-98—സംസ്ഥാന ഭാഗ്യക്കുറി—ഏജന്റുമാരുടെ കമ്മീഷൻ

ലോട്ടറി വിറ്റുവരവ് കൂടുന്നതിനനുസരിച്ച് ഡിസ്കൗണ്ട്, ഏജന്റിനുള്ള സമ്മാനം എന്നിവയ്ക്ക് ആനുപാതികമായി വർദ്ധനവ് ഉണ്ടാകുമെന്നതിനാൽ ഈ ശീർഷകത്തിൽ 150 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2075-00-103-98—സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെ കമ്മീഷൻ—എന്ന ശീർഷക ത്തിലെ ബഡ്ജറ്റ് വിഹിതം 809 കോടി രൂപയായിരുന്നു. ബഡ്ജറ്റ് വിഹിതത്തിനുപുറമെ 455 കോടി രൂപ കൂടി SDG/Additional Authorisation വഴി 2013-14 സാമ്പത്തിക വർഷം അനുവദിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 19716/എച്ച്.1/2013/നി.വ. തീയതി 28-5-2014.)

ശിപാർശ (ഖണ്ഡിക 15)

2075-00-103-97—സംസ്ഥാന ഭാഗ്യക്കുറി—സമ്മാനദാനം

സമ്മാനാർഹമായ ഭാഗ്യക്കുറി ടിക്കറ്റുകളുടെ സമ്മാനത്തുക ഇനത്തിൽ ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 400 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2075-00-103-97—സംസ്ഥാന ഭാഗ്യക്കുറി-സമ്മാനദാനം—എന്ന ശീർഷകത്തിലെ ബഡ്ജറ്റ് വിഹിതം 693 കോടി രൂപയായിരുന്നു. ബഡ്ജറ്റ് വിഹിതത്തിനുപുറമെ 571 കോടി രൂപ കൂടി SDG/Additional Authorisation വഴി 2013-14 സാമ്പത്തികവർഷം അനുവദിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 19716/എച്ച്.1/2013/നി.വ. തീയതി 28-5-2014.)

ശിപാർശ (ഖണ്ഡിക 16)

2075-00-103-95—കാരുണ്യ ലോട്ടറിയിൽ നിന്നുള്ള അറ്റാദായം കാരുണ്യ ബെനവലന്റ് ഫണ്ടിലേക്ക് മുതൽക്കൂട്ടൽ

കാരുണ്യ ലോട്ടറിയിൽ നിന്നും ലഭിക്കുന്ന വരുമാനം ക്യാൻസർ, കിഡ്നി, ഹൃദയ സംബന്ധമായ അസുഖങ്ങൾ എന്നിവമൂലം അവശത അനുഭവിക്കുന്ന രോഗികളുടെ ചികിത്സയ്ക്കായി ചെലവഴിക്കുന്നു. കാരുണ്യ പദ്ധതി വിപുലീകരിക്കുന്നതിനായി ബഡ്ജറ്റിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ കാരുണ്യ പദ്ധതി യുടെ വിപുലമായ നടത്തിപ്പിനായി ഈ ശീർഷകത്തിൽ 50 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2075-00-103-95—കാരുണ്യ ലോട്ടറിയിൽനിന്നുള്ള അറ്റാദായം കാരുണ്യ ബെനവലന്റ് ഫണ്ടിലേക്ക് മുതൽക്കൂട്ടൽ എന്ന ശീർഷകത്തിലെ ബഡ്ജറ്റ് വിഹിതം 110 കോടി രൂപയായിരുന്നു. ബഡ്ജറ്റ് വിഹിതത്തിനുപുറമെ 100 കോടി രൂപ കൂടി SDG/ Additional Authorisation വഴി 2013-14 സാമ്പത്തികവർഷം അനുവദിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 19716/എച്ച്.1/2013/നി.വ. തീയതി 28-5-2014.)

ശിപാർശ (ഖണ്ഡിക 17)

2075-00-800-94—ഡിഫൻസ് സർവ്വീസുകളിലെ ധീരതയ്ക്കുള്ള കീർത്തിമുദ്രക്കർഹരായ വർക്കും ആശ്രിതർക്കും ക്യാഷ് അവാർഡ്—മറ്റു ചെലവുകൾ

വിശിഷ്ട സേവനത്തിന് പുരസ്കാരങ്ങൾ ലഭിക്കുന്ന സായുധസേനാംഗങ്ങൾക്ക് നൽകിയിരുന്ന ഒറ്റത്തവണ ക്യാഷ് അവാർഡിന് 1962 മുതൽ മുൻകാല പ്രാബല്യം നൽകിയതിനാൽ അപേക്ഷകരുടെ എണ്ണം ഗണ്യമായി വർദ്ധിച്ചതിനാലും ധീരതാ പുരസ്കാരജേതാക്കൾക്ക് വാർഷികാംശമായി നൽകിയിരുന്ന തുക ഒറ്റത്തവണ ലംപ്സം ആയി നൽകുന്നതിനാലും നടപ്പുസാമ്പത്തികവർഷം എല്ലാ വിഭാഗത്തിലുമായി ഏകദേശം 100 അപേക്ഷകരുണ്ടാകാൻ സാധ്യതയുള്ളതിനാലും ബഡ്ജറ്റിൽ ഈ ഇനത്തിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ 63 ലക്ഷം രൂപ അധികമായി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന 12,00,000 രൂപയും ധനവകുപ്പ് അനുവദിച്ച 22,40,000 രൂപയും ഉൾപ്പെടെ ആകെ ഉണ്ടായിരുന്ന 34,40,000 രൂപയിൽ ഇതുവരെ 33,83,775 രൂപയും ചെലവായി. മിച്ചമുള്ള 56,225 രൂപ ഈ സാമ്പത്തികവർഷത്തെ ബാക്കിയുള്ള മാസത്തേക്ക് തികയുകയില്ല എന്നുള്ളതിനാൽ അധിക തുകയ്ക്കായി സമീപിച്ചപ്പോൾ ചെലവ് ഇപ്പോഴുള്ള വിഹിതത്തിൽനിന്നും വഹിക്കുവാൻ ധനവകുപ്പ് ആവശ്യപ്പെട്ടു. അതിൻപ്രകാരം, ബാക്കിത്തുക കൂടി 2013-14 സാമ്പത്തികവർഷം അനുവദിച്ച ബഡ്ജറ്റ് വിഹിതത്തിൽനിന്നും കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സർക്കാർ കത്ത് നമ്പർ 58560/എസ്.ഡബ്ള്യു3/13/പൊ.ഭ.വ. തീയതി 15-11-2013.)

ശിപാർശ (ഖണ്ഡിക 18)

2075-00-800-90—മുൻ നാട്ടുരാജാക്കൻമാരുടെ കുടുംബാംഗങ്ങൾക്കുള്ള അലവൻസുകൾ—പെൻഷൻ

കേരളത്തിലെ, പ്രതിമാസം 600 രൂപയോ അതിൽ താഴെയോ ഫാമിലി ആന്റ് പൊളിറ്റിക്കൽ പെൻഷൻ വാങ്ങിവരുന്ന എല്ലാ മുൻ നാട്ടുരാജാക്കന്മാരുടെയും, കുടുംബാംഗങ്ങളുടെയും പെൻഷൻ 1,000 രൂപയായും എറണാകുളം ജില്ലയിലെ ചേന്ദമംഗലം പാലിയം ഈശ്വരസേവ ട്രസ്റ്റിന് നൽകിവരുന്ന പൊളിറ്റിക്കൽ പെൻഷൻ 66.7%-വും കോട്ടയം മീനച്ചിൽ മുൻ നാട്ടുരാജാക്കന്മാരുടെ പെൻഷൻ 600-ൽ നിന്നും 3,000 രൂപയായും വർദ്ധിപ്പിച്ച സാഹചര്യത്തിൽ ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാണ്. ആയതിനാൽ 172.50 ലക്ഷം രൂപ അധികമായി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2013-14 സാമ്പത്തികവർഷത്തിൽ ബഡ്ജറ്റ് വിഹിതമായി 2075-00-800-90 എന്ന ശീർഷകത്തിൽ 127.50 ലക്ഷം രൂപ അനുവദിച്ചിരുന്നു. നിലവിലുള്ള പെൻഷൻ തുകയിൽ വർദ്ധനവ് വരുത്തിയ സാഹചര്യത്തിൽ 172.50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന സമിതി ശിപാർശ ചെയ്തിരുന്നു. ഈ ആവശ്യത്തിലേക്കായി അധികതുക അനുവദിക്കുന്നതിനുവേണ്ടി ധനകാര്യവകുപ്പിലേക്ക് SDG ക്കായി അപേക്ഷിച്ചിരുന്നു. എന്നാൽ പ്രസ്തുത തുക അനുവദിച്ചുനൽകിയിട്ടില്ല.

ശിപാർശ (ഖണ്ഡിക 19)

2075-00-800-54—സർക്കാർ വകുപ്പുകൾക്ക് വേണ്ടി സ്ഥലം പൊന്നുംവിലയ്ക്ക് എടുക്കുന്നതു സംബന്ധിച്ച കേസുകളിൽ വിധി നടപ്പിലാക്കുന്നതിനായി കോടതിയിൽ കെട്ടിവെയ്ക്കൽ മൊത്ത തുക

സർക്കാർ വകുപ്പുകൾക്കായി ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട എൽ.എ.ആർ. കേസുകൾക്ക് വിധിസംഖ്യ അനുവദിക്കുന്നതിന് നടപ്പുസാമ്പത്തികവർഷം ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ 50 കോടി രൂപ ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സർക്കാർ വകുപ്പുകൾക്കായി ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട അപ്പീൽ സാധ്യതയില്ലാത്ത എൽ.എ.ആർ. കേസുകളിൽ, വിധിസംഖ്യ കോടതിയിൽ കെട്ടിവയ്ക്കുന്നതിന് 2075-00-800-54 എന്ന ശീർഷകത്തിൽ നിന്നാണ് ജില്ലാ കളക്ടർമാർക്ക് തുക അനുവദിക്കുന്നത്. ഈ ശീർഷകത്തിൽ 2013-14 സാമ്പത്തിക വർഷത്തിൽ തുകയൊന്നും വകയിരുത്തിയിരുന്നില്ല. പ്രസ്തുത ശീർഷകത്തിൽ 50 കോടി രൂപ അനുവദിക്കണമെന്ന് വിഷയനിർണ്ണയ സമിതി ശിപാർശ ചെയ്തിരുന്നു. 2013-14 വർഷത്തിൽ സപ്ലിമെന്ററി ഡിമാന്റ്സ് ഓഫ് ഗ്രാന്റിൽ ഉൾപ്പെടുത്തി 5475-00-800-90 (നോൺ പ്ലാൻ ചാർജ്ഡ്) എന്ന ശീർഷകത്തിൽ 100 കോടി രൂപ ധനകാര്യവകുപ്പ് അനുവദിച്ചു നൽകുകയുണ്ടായി. പ്രസ്തുത തുക മുഴുവൻ വിവിധ എൽ.എ.ആർ. കേസുകൾക്കായി കളക്ടർമാർക്ക് അനുവദിച്ചു നൽകിയിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 26919/ബി3/2014/റവ. തീയതി 27-5-2014.)

ശിപാർശ (ഖണ്ഡിക 20)

2075-00-800-81—കേരള സംസ്ഥാന ഹജ്ജ് കമ്മിറ്റിക്ക് അംശദാനം

നിലവിലുള്ള ഹജ്ജ് ഹൗസിനോടനുബന്ധിച്ച് വനിതാ തീർത്ഥാടകർക്കായി പ്രത്യേകം സൗകര്യം ഒരുക്കുന്നതിനുള്ള കെട്ടിടം പണി പൂർത്തീകരിക്കുന്നതിനായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 15 കോടി 40 ലക്ഷം രൂപ ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്ത പ്രകാരം 15 കോടി 40 ലക്ഷം രൂപ 2075-00-800-81 എന്ന ശീർഷകത്തിൽ അനുവദിക്കുന്നതിനായി ധനകാര്യ വകുപ്പിലേക്ക് അയച്ചപ്പോൾ ധനകാര്യവകുപ്പ് ഒരു കോടി രൂപ ധനപുനർവിനിയോഗംവഴി അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിക്കുവാൻ ആവശ്യപ്പെട്ടു. എന്നാൽ ഈ ശീർഷകത്തിൽ ബാക്കി തുകയൊന്നും ഇല്ലാതിരുന്നതിനാൽ പ്രസ്തുത തുക അനുവദിച്ചിരുന്നില്ല. 2014-15 വർഷത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റിൽ പ്രസ്തുത ആവശ്യത്തിന് തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ 2014-15 സാമ്പത്തിക വർഷം ഉപധനാഭ്യർത്ഥനവഴി ആവശ്യപ്പെടുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സർക്കാർ കത്ത് നമ്പർ 46863/എഫ്.3/2014/ആഭ്യന്തരം തീയതി 31-5-2014.)

## ധനാഭ്യർത്ഥന നമ്പർ XLVI—സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും

ശിപാർശ (ഖണ്ഡിക 21)

2235-60-110-98-05—ജില്ലാ ഓഫീസുകൾ—ഓഫീസ് ചെലവുകൾ

സംസ്ഥാന ഖജനാവിന്റെ പബ്ലിക് അക്കൗണ്ടിലേക്ക് വരുമാനം സ്വരൂപിക്കുന്ന ഇൻഷ്വറൻസ് വകുപ്പിനെ വാണിജ്യ വകുപ്പായി പ്രഖ്യാപിച്ചിട്ടുള്ളതിനാൽ പേയ്മെന്റ് വ്യവസ്ഥയിൽ സ്റ്റേഷനറി വാങ്ങുന്നതിനും മെഡിക്കൽ റീഇംബേഴ്സ്മെന്റ്, വൈദ്യുത ചാർജ് എന്നിവയ്ക്കുമായി ഈ ശീർഷകത്തിൽ ബഡ്ജറ്റിൽ അനുവദിച്ച തുകയ്ക്ക് പുറമേ 2 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

മെഡിക്കൽ റീഇംബേഴ്സ്മെന്റ് ഇനത്തിൽ ബഡ്ജറ്റ് വിഹിതത്തിനു പുറമേ വകുപ്പിന്റെ ആസ്ഥാന കാര്യാലയത്തിൽ 50,000 രൂപയും ജില്ലാ ഓഫീസുകളിലേക്ക് 1,00,000 രൂപയും അനുവദിച്ചിരുന്നു. കൂടാതെ 20,000 രൂപ ധനപുനർവിനിയോഗം വഴി അനുവദിക്കുകയും ചെയ്തു.

(സർക്കാർ കത്ത് നമ്പർ 60864/എസ്റ്റാ.ഡി2/2013/ധന. തീയതി 27-5-2014.)

ശിപാർശ (ഖണ്ഡിക 22)

2235-60-110-99-06—സംസ്ഥാന ഇൻഷ്വറൻസ് ഡിപ്പാർട്ട്മെന്റ്—വാടക, കരം, നികുതി

സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിൽ വാടകക്കുടിശ്ശിക നൽകുന്നതിനും, വാടക നൽകുന്നതിനും ഇപ്പോൾ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 44.02 ലക്ഷം രൂപ അധികമായി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2013-14 സാമ്പത്തികവർഷത്തിൽ 40 ലക്ഷം രൂപ ഉപധനാഭ്യർത്ഥനയിൽ അനുവദിക്കുകയും കേരള സംസ്ഥാന ഹൗസിംഗ് ബോർഡിന് വാടകക്കുടിശ്ശികയിനത്തിൽ പ്രസ്തുത തുക നൽകുകയും ചെയ്തിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 60864/എസ്റ്റാ.ഡി2/2013/ധന. തീയതി 27-5-2014.)

ശിപാർശ (ഖണ്ഡിക 23)

2235-60-110-99-21(1)—മോട്ടോർ വാഹനങ്ങൾ, വാഹനം വാങ്ങൽ

ഇൻഷ്വറൻസ് വകുപ്പിന് വാഹനം വാങ്ങുന്നതിന് അനുമതി ലഭിച്ചതിനാൽ ഇപ്പോൾ അനുവദിച്ച തുകയ്ക്ക് പുറമേ 9.57 ലക്ഷം രൂപ അധികമായി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർ ശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സംസ്ഥാന സർക്കാരിന്റെ വിഭവലഭ്യതയുടെ പരിമിതിമൂലം അധികതുക അനുവദിക്കുവാൻ സാധിച്ചില്ല.

(സർക്കാർ കത്ത് നമ്പർ 60864/എസ്റ്റ്.ഡി2/2013/ധന. തീയതി 27-5-2014.)

തിരുവനന്തപുരം,
2014 ജൂൺ 30.

**കെ. എം. മാണി,**
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി VIII.*